**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4066** **28-06-2024 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പക്ഷിപ്പനി ആവർത്തിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പ് സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പക്ഷിപ്പനി ആവർത്തിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ആരോഗ്യ വകുപ്പ് സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ G.O(Rt)No.1451/2024/H&FWD തീയതി 15/06/24 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പക്ഷികളുമായി അടുത്തിടപഴകുന്നവർക്കും ചത്ത പക്ഷികളെ കൈകാര്യം ചെയ്യുന്ന കർഷകർക്കും മൃഗസംരക്ഷണ ജീവനക്കാർക്കും പൊതുജനങ്ങൾക്കും വേണ്ടിയുള്ള നിർദ്ദേശങ്ങൾ, പക്ഷികളെയും വിസർജ്ജ്യങ്ങളെയും കൈകാര്യം ചെയ്യുമ്പോഴുള്ള സുരക്ഷാ മാനദണ്ഡങ്ങൾ, പക്ഷിപ്പനി സ്ഥിരീകരിച്ച പക്ഷികളുമായി അടുത്ത സമ്പർക്കം വന്നിട്ടുള്ളവർ കഴിക്കേണ്ട മരുന്നുകൾ, നിരീക്ഷണ കാലഘട്ടം, രോഗ ലക്ഷണങ്ങൾ പ്രകടമായാൽ ചെയ്യേണ്ട കാര്യങ്ങൾ, ചെയ്യേണ്ട പരിശോധനകൾ, ചികിത്സാ നിർദ്ദേശങ്ങൾ എന്നിവ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് മനുഷ്യനിലോ സസ്തനികളിലോ നാളിതുവരെ പക്ഷിപ്പനി സ്ഥിതീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് മനുഷ്യരിലോ സസ്തനികളിലോ നാളിതുവരെ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടില്ല |
| (സി) | പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിനായി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ദ്രുതകർമ്മസേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നിലവിലുള്ള ദ്രുതകർമ്മ സേന തന്നെയാണ് പക്ഷിപ്പനിക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.<br><br>ദ്രുതകർമ്മ സേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു; |

| | | | |
|---|---|---|---|
| | | | 1. പകർച്ചപ്പനി തടയുവാനും, പടരുന്നത് നിയന്ത്രിക്കുവാനുമുള്ള പ്രവർത്തനങ്ങൾ എകോപിപ്പിച്ചു വരുന്നു.<br><br>2. സംസ്ഥാന തലത്തിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നു.<br><br>3. അടിയന്തര സാഹചര്യങ്ങളിൽ യോഗം കൂടുകയും സ്ഥിതിഗതികൾ വിലയിരുത്തി തീരുമാനങ്ങൾ എടുക്കുകയും, അവ നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും ചെയ്തുവരുന്നു.<br><br>4. പകർച്ചവ്യാധികളുടെ നിരീക്ഷണവും ചികിത്സയും കൈകാര്യം ചെയ്യുന്ന വിവിധ വിഭാഗങ്ങളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ അവലോകനം ചെയ്ത് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.<br><br>5. പകർച്ചവ്യാധി പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, ശുചീകരണ സാമഗ്രികൾ, കീടനാശിനികൾ, മറ്റ് സാമഗ്രികൾ, വാഹനം എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നു.<br><br>6. സംസ്ഥാന മെഡിക്കൽ ബോർഡ്, മറ്റ് ടെക്നിക്കൽ കമ്മിറ്റികൾ എന്നിവയുടെ ശുപാർശകൾ പരിഗണിച്ച് നിർദ്ദേശങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ